വളരെ താമസിച്ച് ഇവിടെ എത്തുന്നതുമൂലം അപേക്ഷകർക്ക് അപേക്ഷ അയയ്ക്കാൻ കഴിയുന്നില്ല. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിലേയും യു.പി.എസ്.സി.യിലേയും ഒഴിവുകൾ കൃത്യമായി അറിയുന്നതിന് കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കുന്ന ഒരു പ്രസിദ്ധീകരണമാണിത്. ഇതു മുടങ്ങാതെ ലഭിക്കുന്നതിന് കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയവുമായി ബന്ധപ്പെട്ട് വേണ്ട സംവിധാനമുണ്ടാക്കാനും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഇതിന്റെ ഓരോ കോപ്പി വീതമെടുത്ത് പ്രകാശനം ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ 'എംപ്ലോയ്മെൻറ് ന്യൂസ്' കൃത്യമായിട്ട് വരുന്നതായിട്ടാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഇവിടെ സഹകാര്യ എജൻസികളാണ് ഇതിന്റെ ഡിസ്ട്രിബ്യൂഷൻ നടത്തുന്നത്. എയർ ലിഫ്റ്റ് ചെയ്തിട്ടാണിത് ഇവിടെ കൊണ്ടുവരുന്നത്. ഈ മാസത്തേതും വന്നുകഴിഞ്ഞിട്ടുണ്ട്. ജൂലായ് 5-ാം തീയതിയിലത്തേത് ഡിസ്ട്രിബ്യൂട്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ഇത് പ്രകാശനം ചെയ്യുന്ന കാര്യം ലേബർ ഡിപ്പാർട്ടുമെൻറ് പരിശോധിച്ച് അതിന് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ കൂടുതൽ കോപ്പി കൃത്യസമയത്തു വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുകയും ചെയ്യാം.

(4) ഉദയത്തുവാതിൽ ഗവൺമെൻറ് എൽ. പി. സ്കൂൾ

ശ്രീ.ടി.പി.പീതാംബരൻ മാസ്റ്റർ: സർ, ചേപ്പനം, ഉദയത്തുവാതിൽ എന്നീ ഹരിജൻ മേഖലയിലെ ഏക സ്കൂളാണ് ഉദയത്തുവാതിൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ. ഒരേക്കറിലധികം സ്ഥലവും ആവശ്യത്തിലധികം കെട്ടിടവുമുള്ള പ്രസ്തുത സ്കൂളിലാകെ നാലു ക്ലാസ്സുകൾ മാത്രമാണുള്ളത്. ഈ വർഷം പത്തു കുട്ടികൾ മാത്രമാണ് ഒന്നാം സ്റ്റാൻഡേർഡിൽ എത്തിയിട്ടുള്ളത്. 63 വർഷങ്ങൾക്കു മുമ്പാരംഭിച്ച പ്രസ്തുത സ്കൂളിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് രണ്ടു കാരണങ്ങളാണുള്ളത്: ഒന്ന്, ആ സ്കൂളിലേക്കു പോകാൻ ഒരു പൊതു വഴിയില്ല. രണ്ട്, അവിടെനിന്ന് നാലാം സ്റ്റാൻഡേർഡ് പാസായി വരുന്ന കുട്ടികൾക്ക് അഞ്ചാം സ്റ്റാൻഡേർഡിലേക്ക് പ്രവേശനം ലഭിക്കുന്നില്ല. സ്കൂളിലേക്ക് ഒരു വഴിയുണ്ടാക്കണമെന്ന് രക്ഷാകർത്താക്കളും നാട്ടുകാരും നിവേദനം നടത്തിയതിന്റെ ഫലമായി G. O. (Rt.) No. 2374/83 G. Edn. dated 30.7.1983 പ്രകാരം പത്തു ലിങ്ക്സ് വീതിയിൽ റോഡിൽനിന്നും സ്കൂളിലേക്ക് ഒരു വഴി ഉണ്ടാക്കുന്നതിന് 12,000 രൂപ മുടക്കി എട്ടു സെൻറു സ്ഥലം അക്വയർ ചെയ്യാൻ ഗവൺമെൻറ് ഉത്തരവാകുകയും 1983-84 ലെ ബഡ്ജറ്റിൽ ആ തുക വക കൊള്ളിക്കുകയും ചെയ്തിരുന്നതാണ്. അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. പക്ഷേ അക്വിസിഷൻ ചാർജ് അടയ്ക്കാൻ 1985 ഒക്ടോബറിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ പണം അടയ്ക്കാത്തതുകൊണ്ട് അക്വിസിഷൻ നടപടികൾ സ്തംഭനത്തിലാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വഴിക്കാവശ്യമായ 12,000 രൂപ ഉടനെ അനുവദിച്ച് പ്രസ്തുത സ്കൂൾ നശിച്ചുപോകാതിരിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത സ്കൂളിൽനിന്ന് നാലാം സ്റ്റാൻഡേർഡ് ജയിച്ചുവരുന്ന കുട്ടികൾക്ക് എട്ടും പത്തും കിലോമീറ്റർ അകലെയുള്ള ഹൈസ്കൂളിൽ പോയി തുടർന്നു പഠിക്കേണ്ടിവരുന്നു. കൊച്ചുകുട്ടികളെ ദൂരെയുള്ള ഹൈസ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ രക്ഷകർത്താക്കൾക്ക് പ്രയാസമുണ്ടെങ്കിലും നാലാം സ്റ്റാൻഡേർഡ് കഴിഞ്ഞ് ഇവിടെ തുടർന്നു പഠിക്കാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് ഒന്നാം സ്റ്റാൻഡേർഡു തൊട്ടുതന്നെ അകലെയുള്ള ഹൈസ്കൂളിൽ കുട്ടികളെ ചേർക്കാൻ അവർ നിർബന്ധിതരാകുന്നു. തൻമൂലം അവിടെ ഓരോ വർഷവും കുട്ടികൾ കുറഞ്ഞു വരുന്നു. അതുകൊണ്ട് പ്രസ്തുത സ്കൂൾ നിലനിൽക്കണമെങ്കിൽ എട്ടാം സ്റ്റാൻഡേർഡ് വരെയെങ്കിലും കുട്ടികൾക്ക് പഠിക്കാൻ അവിടെ കഴിയണം. പ്രസ്തുത സ്കൂൾ ഒരു യു.പി. സ്കൂളായി ഉയർത്തണമെന്ന് 1984 മുതൽ രക്ഷകർത്താക്കൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വർഷം പ്രസ്തുത സ്കൂൾ ഒരു യു.പി. സ്കൂളായി ഉയർത്തി ഹരിജൻ പിന്നോക്ക മേഖലയിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെൻറ് സ്കൂളിനെ നാശത്തിൽ നിന്ന് രക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സർ, ഉദയഞ്ചുവരതിൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂളിന് ഒരു വഴി വേണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. അദ്ധ്യാപക-രക്ഷകർതൃ സമിതിയോട് ഇതിനാവശ്യമായിട്ടുള്ള പണം കെട്ടിവയ്ക്കാനും ആവശ്യപ്പെട്ടു. പക്ഷേ അവർക്ക് അതിനുള്ള സാമ്പത്തികമായ ശേഷിയില്ലായെന്നു പറഞ്ഞുകൊണ്ട് ഒരു മറുപടി തരികയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.യും അക്കാര്യംതന്നെ എഴുതിത്തരുകയും ചെയ്തിരുന്നു. അതേത്തുടർന്ന് ഡിപ്പാർട്ടുമെൻറിൽ അതിനുള്ള ആക്ഷൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിനു മറ്റു നടപടികൾ സ്വീകരിക്കുന്നതിനുള്ള സാങ്കേതികമായ താമസം മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. അദ്ദേഹം ഇവിടെ സൂചിപ്പിച്ച സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നുള്ള ആവശ്യത്തെ സംബന്ധിച്ചിടത്തോളം, 104 ഗവൺമെൻറ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്. അതിനകത്ത് ഈ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. അതിൻമേൽ അധികം താമസിയാതെ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

(5) ക്ഷേത്ര പ്രവേശന സ്വാതന്ത്ര്യം

ശ്രീ.ജി.കാർത്തികേയൻ: സർ, നമ്മുടെ രാജ്യത്ത് നിരവധി സാമൂഹ്യ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു സംസ്ഥാനമാണ് കേരളം. 50 വർഷങ്ങൾക്കു മുമ്പാണ് അതിപ്രശസ്തമായ ക്ഷേത്ര പ്രവേശന വിളംബരം തിരുവിതാംകൂറിലുണ്ടായത്. ഇൻഡ്യയിൽ നില നിന്നിരുന്ന ജാതി മേധാവിത്വത്തിനെതിരായുള്ള ഏറ്റവും വലിയ കനത്ത പ്രഹരമായിരുന്നു ഒരു രാജകുടുംബത്തിൽ നിന്നും വന്ന അത്തരം വിളംബരം. ആ വിളംബരം നിലനിൽക്കെത്തന്നെ സ്വതന്ത്ര കേരളത്തിൽ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷനേയും ബഹുമാനപ്പെട്ട സഭാ നേതാ

LIBRARY ARCHIVES Kerala Legislative Assembly